**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2209** **30-07-2021 - ൽ മറുപടിയ്ക്ക്**

**നാമ്പ്രാണി ചെക്ക്ഡാം ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നഗരസഭയിലെ നാമ്പ്രാണി ചെക്ക്ഡാം ചോർച്ച പരിഹരിക്കുന്നതിന് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ച പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കടലുണ്ടിപ്പുഴക്ക് കുറുകെ മലപ്പുറം അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 1995ൽ നിർമ്മാണം പൂർത്തിയാക്കിയതാണ് നാമ്പ്രാണി ചെക്ക് ഡാം. അശാസ്ത്രീയമായ മണലെടുപ്പുമൂലം ചെക്ക് ഡാമിന് ചെറിയ ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി 160 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് 2017 -ൽ തയ്യാറാക്കിയിരുന്നു. എന്നാൽ മലപ്പുറം നഗരത്തിലെ വർദ്ധിച്ചുവരുന്ന ജലഉപഭോഗം, തടയണയുടെ കാലപ്പഴക്കം എന്നീ വസ്തുതകൾ കണക്കിലെടുത്ത് പുതിയ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതാണ് പ്രായോഗികം എന്ന നിഗമനത്തിലെത്തി-ച്ചേർന്നതിനാൽ ഭരണാനുമതി അടക്കമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി കടലുണ്ടിപ്പുഴക്ക് കുറുകെ നാമ്പ്രാണി കടവിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ 15.77 കോടി രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി തയ്യാറാക്കി വരുന്നു. |
| (ബി) | മലപ്പുറം നഗരസഭയിലെ കുടിവെള്ളപ്രശ്നങ്ങൾക്കുള്ള പരിഹാരമായ പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കടലുണ്ടിപ്പുഴക്ക് കുറുകെ മലപ്പുറം അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി 1995ൽ നിർമ്മാണം പൂർത്തിയാക്കിയതാണ് നാമ്പ്രാണി ചെക്ക് ഡാം. അശാസ്ത്രീയമായ മണലെടുപ്പുമൂലം ചെക്ക് ഡാമിന് ചെറിയ ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി 160 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് 2017 -ൽ തയ്യാറാക്കിയിരുന്നു. എന്നാൽ മലപ്പുറം നഗരത്തിലെ വർദ്ധിച്ചുവരുന്ന ജലഉപഭോഗം, തടയണയുടെ |

| | | | |
|---|---|---|---|
| | | | കാലപ്പഴക്കം എന്നീ വസ്തുതകൾ കണക്കിലെടുത്ത് പുതിയ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതാണ് പ്രായോഗികം എന്ന നിഗമനത്തിലെത്തി-ച്ചേർന്നതിനാൽ ഭരണാനുമതി അടക്കമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി കടലുണ്ടിപ്പുഴക്ക് കുറുകെ നാമ്പ്രാണി കടവിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ 15.77 കോടി രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ